# ആസ്വാദനക്കുറിപ്പ് - വായുവില്ലാത്തലോകം

പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ച കുഞ്ചൻ നമ്പ്യാരെ മലയാളത്തിലെ മഹാകവിയും ഹാസ്യ സാഹിത്യ ചക്രവർത്തിയുമായാണ് സാഹിത്യലോകം ആദരിക്കുന്നത്. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ അദ്ദേഹം ജനിച്ച കിള്ളിക്കുറിശ്ശിമംഗലത്തെ കലക്കത്ത് ഭവനം ഇന്ന് കുഞ്ചൻ നമ്പ്യാർ സ്മാരകമായി നിലകൊള്ളുന്നു.ഏതു സന്ദർഭവും നേരിൽ കാണുന്ന വിധം ജീവസുറ്റതാക്കി അവതരിപ്പിക്കാനുള്ള  കുഞ്ചൻ നമ്പ്യാരുടെഅപാരമായ കഴിവിന്റെ ഉദാഹരണമാണ് വായുവില്ലാത്ത ലോകം എന്ന കവിതാഭാഗം.

കുഞ്ചൻ നമ്പ്യാരുടെ ധ്രുവചരിതം ശീതങ്കൻതുള്ളലിൽ നിന്നും എടുത്തിട്ടുള്ള ഒരു ഭാഗമാണ് വായുവില്ലാത്ത ലോകം. ഗൗരവകരമായ ഒരു സംഭവത്തെ ഹാസ്യ രൂപത്തിൽ അവതരിപ്പിച്ചിരിക്കുകയാണ് കവി ഈ കവിതയിലൂടെ. സാധാരണ സംഭവങ്ങൾക്കപ്പുറം എന്ത് എന്ന ചോദ്യം വായനക്കാരിൽ ഒട്ടേറെ ചിന്തകൾ സൃഷ്ടിക്കും.ഈ ചോദ്യം ഒരേസമയം കൗതുകവും ആകാംക്ഷയും വായനക്കാരിലും കേൾവിക്കാരിലും ഉണ്ടാക്കും.  വായുവില്ലാത്ത ലോകം എന്ന തുള്ളൽ ഭാഗത്തിലും കുഞ്ചൻ നമ്പ്യാർ ഇതേ ചോദ്യമാണ് നർമ്മ രൂപത്തിൽ നമ്മോട് ചോദിക്കുന്നത് .പെട്ടെന്ന് വായു ഇല്ലാതായാൽ മനുഷ്യരെല്ലാവരും നിശ്ചലമായിരിക്കും എന്നാണ് കവി പറയുന്നത് .

ഓരോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ പെട്ടെന്ന് വായുവില്ലാതാകുമ്പോൾ പാവകളെപ്പോലെ നിശ്ചലരായി പല രീതിയിൽ നിൽക്കുന്ന കാഴ്ച കവി നമുക്ക് കാണിച്ചുതരുന്നു.ആർക്കും ചൊല്ലാൻ സാധിക്കുന്ന ഈണവും താളവുമാണ് നമ്പ്യാർ കവിതകളുടെ എടുത്ത് പറയേണ്ട സവിശേഷത.വരികളിലെ രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്നതിലൂടെ കൈവരുന്ന ശബ്ദഭംഗിയും ഈ കവിതയുടെ പ്രത്യേകതയാണ്. ചിരിയോടൊപ്പം ചിന്തിക്കാനുള്ള അവസരവും ഒരുക്കിത്തരുന്നവയാണ് നമ്പ്യാരുടെ കവിതകൾ.

നമ്മുടെ ഇപ്പോഴത്തെ
കാലഘട്ടത്തിൽ ഈ കവിതയ്ക്ക് ഏറെ
പ്രസക്തിയുണ്ട്.വായു ഇല്ലാതായാൽ
നമുക്ക് നിലനിൽക്കാൻ സാധിക്കില്ല.
പരിസ്ഥിതിനാശം മൂലം ശുദ്ധവായു
ലഭിക്കാത്ത ഒരു അവസ്ഥയാണ് നാം
ഇനി നേരിടേണ്ടിവരുന്നത് എന്നും ഈ
കവിത നമ്മെ ഓർമ്മിപ്പിക്കുന്നു.